# സ്റ്റൈൽ ഷീറ്റ്

# കേരളസർവകലാശാല മലയാളവിഭാഗത്തിൽ ഗവേഷണവുമായി ബന്ധപ്പെട്ട് സമർപ്പിക്കേണ്ട പ്രബന്ധങ്ങൾക്ക് വേണ്ടിയുള്ള സ്റ്റൈൽ ഷീറ്റ്

## I. പ്രബന്ധരൂപരേഖ

**1.1** ഗവേഷണാരംഭത്തിൽ ഡോക്ടറൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടത് **പ്രബന്ധരൂപരേഖ**യാണ്.

**1.2** **പ്രബന്ധരൂപരേഖ**യിൽ കവർ പേജ് അഥവാ Title pageൽ ഗവേഷണവിഷയം, ഗവേഷകയുടെ/ന്റെ പേര്, വർഷം എന്നിവ രേഖപ്പെടുത്തണം.

**1.3** ഗവേഷണവിഷയം 16 സൈസ് ഫോണ്ടിൽ ബോൾഡിലും ഗവേഷകയുടെ/ന്റെ പേര്, ഗൈഡിന്റെ പേര്, ഗവേഷണകേന്ദ്രം എന്നിവ 14 സൈസ് ഫോണ്ടിലും സമർപ്പിക്കുന്ന വർഷം, മാസം എന്നിവ 15 സൈസ് ഫോണ്ടിലും ആകണം.

**1.4** **പ്രബന്ധരൂപരേഖ**യിൽ ആമുഖമായി ഗവേഷണം ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ സംഗ്രഹിച്ചു സൂചിപ്പിക്കേണ്ടതാണ്.

**1.5** **പ്രബന്ധരൂപരേഖ**യുടെ പ്രധാനഭാഗമായി ഗവേഷണം ചെയ്യാനുദ്ദേശിക്കുന്ന വിഷയത്തിന്റെ ഗവേഷണമേഖല, ഗവേഷണരീതി, പ്രധാനസൈദ്ധാന്തികമേഖലകൾ, പ്രാധാന്യവും പ്രസക്തിയും, വിഷയത്തിന്റെ പഠനപരിമിതികൾ, മുൻകാലപഠനങ്ങളും അവയിൽ നിന്നുള്ള വ്യത്യസ്തതയും, അധ്യായവിഭജനം, പരികല്പനകൾ(Hypothesis) എന്നിവ വിവരിക്കേണ്ടതാണ്. പഠനത്തിനെടുക്കുന്ന കാലയളവും(Timeline) സൂചിപ്പിക്കാവുന്നതാണ്.
ഗവേഷണമേഖല, ഗവേഷണരീതിശാസ്ത്രം, പ്രാധാന്യവും പ്രസക്തിയും, പരിമിതികൾ, സാധ്യതകൾ, മുൻകാലപഠനങ്ങൾ, അധ്യായവിഭജനം തുടങ്ങിയവ ഉപശീർഷകങ്ങ( subheading)കളായി നൽകേണ്ടതാണ്.

1.6. 12 സൈസ് ഫോണ്ടിൽ തയ്യാറാക്കി ഉപശീർഷകങ്ങൾ ബോൾഡ് നൽകി വേണം സമർപ്പിക്കേണ്ടത്. 1.5 സ്പെയ്സിംഗ് നൽകേണ്ടതാണ്.

1.7 പ്രബന്ധരൂപരേഖ 4 പുറത്തിൽ കവിയരുത്.

1.8 ഡോക്ടറൽ കമ്മിറ്റിക്ക് 5 ദിവസം മുമ്പ് പ്രബന്ധരൂപരേഖയുടെ 10 കോപ്പികൾ മലയാളവിഭാഗത്തിൽ എത്തിക്കേണ്ടതാണ്.

## II. പ്രബന്ധസംഗ്രഹം

**2.1** **പ്രബന്ധസംഗ്രഹം മൂന്നു വിധത്തിലുണ്ട്.** ഗവേഷണാവസാനം സർവ്വകലാശാലയിൽ സമർപ്പിക്കേണ്ട പഠനത്തിന്റെ സംഗ്രഹമാണ് ആദ്യത്തേത്.

**2.2** ഗവേഷണവിഷയം, ഗവേഷണമേഖല, ഗവേഷണരീതിശാസ്ത്രം, പ്രാധാന്യവും പ്രസക്തിയും, അധ്യായവിഭജനം എന്നിവ കൂടാതെ പ്രസക്തമായ നിഗമനങ്ങളും ഈ സംഗ്രഹത്തിൽ പ്രതിപാദിക്കണം.

2.3. ഗ്രന്ഥസൂചി ആവശ്യമില്ല.

2.4. ഒറ്റപ്പുറമാണ് സർവ്വകലാശാല ആവശ്യപ്പെടുന്നത്.

## III. പ്രബന്ധസംഗ്രഹം(പ്രിസബ്മിഷൻ സെമിനാർ)

**3.1** Title pageൽ ഗവേഷണവിഷയം, ഗവേഷകയുടെ/ന്റെ പേര്, ഗൈഡിന്റെ പേര്, ഗവേഷണകേന്ദ്രം, വർഷം എന്നിവ രേഖപ്പെടുത്തണം.

**3.2** ഗവേഷണമേഖല, ഗവേഷണരീതിശാസ്ത്രം, പ്രാധാന്യവും പ്രസക്തിയും, വിഷയത്തിന്റെ പഠനപരിമിതികൾ, സാധ്യതകൾ, മുൻകാലപഠനങ്ങൾ, അധ്യായവിഭജനം എന്നിവ വിവരിക്കേണ്ടതാണ്.

**3.3** നിഗമനങ്ങൾ ആവശ്യമില്ല.

**3.4** പ്രധാന സഹായകഗ്രന്ഥസൂചി അവതരിപ്പിക്കേണ്ടതാണ്.

**3.5** പ്രബന്ധസംഗ്രഹം പ്രിസബ്മിഷൻ സെമിനാറിൽ പങ്കെടുക്കുന്നവർക്ക് വിതരണം ചെയ്യേണ്ടതാണ്.

## IV. പ്രബന്ധസംഗ്രഹം

**4.1** **ഓപ്പൺ ഡിഫൻസിൽ സമർപ്പിക്കേണ്ടതാണ് മൂന്നാമത്തേത്.** Title pageൽ ഗവേഷണവിഷയം, ഗവേഷകയുടെ/ന്റെ പേര്, ഗൈഡിന്റെ പേര്, ഗവേഷണകേന്ദ്രം, വർഷം എന്നിവ രേഖപ്പെടുത്തണം.

**4.2** ഗവേഷണവിഷയം, ഗവേഷണമേഖല, ഗവേഷണരീതിശാസ്ത്രം, പ്രാധാന്യവും പ്രസക്തിയും, വിഷയത്തിന്റെ പഠനപരിമിതികൾ എന്നിവ ഈ സംഗ്രഹത്തിന്റെ ഒന്നോ രണ്ടോ പുറങ്ങളിൽ പ്രതിപാദിക്കണം.

**4.3** അധ്യായങ്ങളിലെ വസ്തുതകൾ കൂടുതൽ വ്യക്തമാക്കുകയും നിഗമനങ്ങൾ വിവരിക്കുകയും ചെയ്യണം.

**4.4** ഗ്രന്ഥസൂചി ആവശ്യമില്ല.

**4.5** 30 മിനിററ് അവതരിപ്പിക്കാനുള്ള പ്രബന്ധസംഗ്രഹം(12 പുറം വരെയാകാം) തയ്യാറാക്കണം.

**4.6** പ്രബന്ധസംഗ്രഹത്തിന്റെ 60 കോപ്പിയെങ്കിലും വിതരണത്തിനായി ഓപ്പൺ ഡിഫൻസ് സമയത്ത് എത്തിക്കേണ്ടതാണ്.

## V. എം. ഫിൽ, പിഎച്ച്. ഡി. പ്രബന്ധങ്ങൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

### 5.1 Page Layout

**5.1.1** 3 സെ. മീ. മാർജിൻ ഇരുവശവും ഉണ്ടായിരിക്കണം.

**5.1.2** 12 സൈസ് ഫോണ്ടിൽ പ്രബന്ധശരീരം തയ്യാറാക്കണം

**5.1.3** 3 വരിയിൽ കൂടുതലുള്ള ഉദ്ധരണികൾ 10 സൈസ് ഫോണ്ടിൽ നൽകേണ്ടതാണ്.

**5.1.4** ഉപശീർഷകങ്ങൾ ബോൾഡ് നൽകി വേണം സമർപ്പിക്കേണ്ടത്.

**5.1.5** 1.5 സ്പെയ്സിംഗ് നൽകേണ്ടതാണ്.

### 5.2 Title pages

**5.2.1** ഗവേഷണവിഷയം, ഗവേഷകയുടെ/ന്റെ പേര്, റജിസ്റ്റർ നമ്പർ, ഗവേഷണകേന്ദ്രം, വർഷം എന്നിവ രേഖപ്പെടുത്തണം.

**5.2.2** മാർഗ്ഗനിർദ്ദേശകയുടെ/ന്റെ സാക്ഷ്യപത്രം, പ്രബന്ധം മറ്റേതെങ്കിലും ബിരുദത്തിനു വേണ്ടി സമർപ്പിച്ചതോ മുമ്പ് പ്രസിദ്ധീകരിച്ചതോ അല്ലെന്ന സത്യപ്രസ്താവന എന്നിവ പ്രബന്ധത്തിലുണ്ടാകണം.

5.2.3 പ്രബന്ധസമർപ്പണത്തിനു മുമ്പ് നടത്തിയ വാചാ പരീക്ഷയിൽ**(പ്രി സബ്മിഷൻ സെമിനാർ)** ഉന്നയിച്ച പ്രധാന പ്രശ്നങ്ങൾക്കുള്ള സാധൂകരണം കൂടി ഉൾപ്പെടുത്തി പ്രബന്ധം പരിഷ്കരിച്ചിട്ടുണ്ടെന്ന സത്യപ്രസ്താവന പ്രത്യേകപുറത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

5.2.4 യു.ജി.സി. 2009 റെഗുലേഷൻ/2016 റെഗുലേഷൻ അനുസരിച്ചാണ് ഗവേഷണം നടത്തിയിട്ടുള്ളത് എന്ന സത്യപ്രസ്താവനയും നൽകേണ്ടതാണ്.

5.2.5 ഗവേഷണത്തിൽ സഹായിച്ചവരോടുള്ള കടപ്പാട് രേഖപ്പെടുത്തുന്നുണ്ടെങ്കിൽ ഉള്ളടക്കത്തിനു മുമ്പ് പ്രത്യേകപുറങ്ങളിൽ രേഖപ്പെടുത്തണം. ആമുഖം മുതൽ ഉപസംഹാരം വരെയുള്ള പ്രബന്ധശരീരത്തിന്റെ മറ്റേതെങ്കിലും ഭാഗത്ത് ഇക്കാര്യങ്ങൾ പരാമർശിക്കാൻ പാടില്ല.

5.2.6 **5.2.6** പ്രബന്ധത്തിന്റെ **ഉള്ളടക്കം** പേജ് നമ്പർ സഹിതം നൽകണം.

ഉദാ: **ഉള്ളടക്കം**


| | |
|---|---|
| ആമുഖം | 01-11 |
| അധ്യായം ഒന്ന് | 12-57 |


എന്നിങ്ങനെ...

5.2.7 അധ്യായങ്ങളിൽ ഉപയോഗിച്ച ശീർഷകങ്ങളും ഉപശീർഷകങ്ങളും തന്നെയാകണം ഉള്ളടക്കത്തിൽ ചേർക്കേണ്ടത്. ശീർഷകങ്ങൾ ഗവേഷണവിഷയവുമായി ചേർന്നു നിൽക്കുന്നതാകണം. ഗവേഷണവിഷയം വികസിപ്പിച്ചതെങ്ങനെയെന്നതിന് ഈ ശീർഷകങ്ങൾ തെളിവാണ്.

5.2.8 ഉപശീർഷകങ്ങൾ പ്രധാനശീർഷകത്തിന്റെ വിപുലീകരണവും കൂടുതൽ വ്യക്തത വരുത്തലുമാണ്.

5.2.9 ഉപശീർഷകങ്ങൾ 3 ഘട്ടത്തിലധികമാകുന്നത് ഉചിതമല്ല. ( 2.1.1.1 എന്നിങ്ങനെ)

5.2.10 ഒരു ഉപശീർഷകം മാത്രമേ വരുന്നുള്ളുവെങ്കിൽ നമ്പർ ഇടേണ്ടതില്ല.

5.2.11 പ്രബന്ധത്തിൽ ചുരുക്കെഴുത്തും ചിത്രങ്ങൾ, സർവ്വെ വിവരങ്ങൾ, ഡയഗ്രം തുടങ്ങിയവ ഉപയോഗിക്കുന്നുണ്ടെങ്കിൽ അവയുടെ സൂചികയും ഉള്ളടക്കത്തിനു ശേഷം വിവരിക്കേണ്ടതാണ്.

ഉദാ. ചുരുക്കെഴുത്ത്

കേ.പാ.- കേരളപാണിനീയം

### 5.3 ആമുഖം, ഉപസംഹാരം

**5.3.1** ആമുഖവും ഉപദർശനങ്ങളും പ്രബന്ധത്തിൽ അധ്യായങ്ങളല്ല.

**5.3.2** ആമുഖത്തിനും ഉപദർശനത്തിനും കുറിപ്പുകൾ ആവശ്യമില്ല.

## 5.4 വാക്യം, ഖണ്ഡിക, ഭാഷ

**5.4.1** പ്രബന്ധത്തിന്റെ തുടക്കം അഥവാ ആമുഖം മുതൽ ഗവേഷണവിഷയത്തോട് കൂറ് പുലർത്തിക്കൊണ്ടുള്ള വാക്യങ്ങളും ഖണ്ഡികകളുമാണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഓരോ വാക്യവും വിഷയത്തെ വിപുലീകരിക്കുകയും വിശകലനം ചെയ്യുകയും പ്രബന്ധം മുന്നോട്ട് വെക്കുന്ന വാദമുഖങ്ങൾ സാധൂകരിക്കുകയും ചെയ്യുന്നതാവണം.

5.4.2 വാദമുഖങ്ങൾ യുക്തിയുക്തമായി അവതരിപ്പിക്കുകയും കാര്യകാരണങ്ങൾ ഉദാഹരണസഹിതം പടിപടിയായി നിരത്തുകയും ചെയ്യുന്ന വിധത്തിലാണ് വാക്യങ്ങൾ ക്രമീകരിക്കേണ്ടത്. ഒന്നോ രണ്ടോ വാക്യങ്ങളുള്ള ഖണ്ഡികകൾ പ്രബന്ധത്തിന് ഉചിതമല്ല. ഒരു ഖണ്ഡിക ഒരു ചിന്തയാണ് അവതരിപ്പിക്കുന്നത്. ഓരോ ഖണ്ഡികയിലെയും അവസാന വാക്യം അടുത്ത ഖണ്ഡികയുമായി ബന്ധപ്പെടുന്നതാകണം. ഓരോ അധ്യായത്തിലെയും അവസാനത്തെ ഖണ്ഡിക അടുത്ത അധ്യായത്തിലേക്കുള്ള വഴിതുറക്കുന്നതാകണം.

5.4.3 ആമുഖത്തിനും ഉപസംഹാരത്തിനും ഓരോ അധ്യായത്തിനും തുടക്കത്തിൽ ആ ഭാഗത്തിന്റെ ഉള്ളടക്കത്തെ സൂചിപ്പിക്കുന്ന ഒരു ഖണ്ഡികയുണ്ടാകണം.

5.4.4 ഖണ്ഡികകൾ ഒരു വരിയുടെ വിടവ് നൽകി വേർതിരിക്കേണ്ടതാണ്.

5.4.5 വ്യക്തതയുള്ള ഗദ്യശൈലിയും പിശകുകളില്ലാത്ത വാക്യഘടനയും പ്രബന്ധത്തിലുണ്ടാകണം. വിശേഷണപദങ്ങളുടെ ആധിക്യം, ആലങ്കാരികഭാഷ എന്നിവ പാടില്ല. ലഘുവാക്യങ്ങളാണ് ഉചിതം. സങ്കീർണ്ണതയും കൃത്രിമത്വവും ഒഴിവാക്കുക. അർത്ഥരഹിതമായ പദങ്ങളും പ്രയോഗങ്ങളും ഇല്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ശാസ്ത്രീയഭാഷാപ്രയോഗരീതിയാണ് പ്രബന്ധത്തിനാവശ്യം.

5.4.6 കർമ്മണിപ്രയോഗം ആവർത്തിക്കുന്നത് ഉചിതമല്ല.

5.4.7 അക്ഷരത്തെറ്റും വ്യാകരണത്തെറ്റും ഗവേഷണപ്രബന്ധങ്ങൾക്ക് ഉചിതമല്ല. പ്രൂഫ് വായന ഏറ്റവും പ്രധാനമാണ്.

5.4.8 ചിഹ്നങ്ങളുടെ കൃത്യമായ ഉപയോഗം, സ്പെയ്സ് ഇടുന്നതിന്റെ കൃത്യത, ഇറ്റാലിക്സ്, ബോൾഡ് തുടങ്ങിയവയുടെ ഉപയോഗം തുടങ്ങിയവയും ശ്രദ്ധിക്കേണ്ടതാണ്.

5.4.9 ഞാൻ, എനിക്ക് തുടങ്ങിയ ആത്മനിഷ്ഠപ്രയോഗങ്ങൾ പ്രബന്ധശരീരത്തിലുണ്ടാകാൻ പാടില്ല.

5.4.10 ഉള്ളടക്കത്തിനു മുമ്പ് നന്ദി രേഖപ്പെടുത്തുന്ന അവസരത്തിൽ മാത്രമാണ് പ്രബന്ധത്തിൽ ആത്മനിഷ്ഠത അനുവദിച്ചിട്ടുള്ളത്**.**

## 5.5 ഉദ്ധരണികളും സൂചനകളും കുറിപ്പുകളും

5.5.1 എല്ലാ ഗവേഷണങ്ങളും മുമ്പുണ്ടായ ഗവേഷണങ്ങളിൽ നിന്നും കെട്ടിപ്പടുക്കുന്നതാണ്. മനുഷ്യന്റെ അറിവിന് തുടർച്ചയുണ്ടാക്കുക എന്ന വലിയ ഉത്തരവാദിത്തമാണ് ഗവേഷകർക്കുള്ളത്. മുൻകാലപഠനങ്ങളിൽ നിന്നും നിരവധി അറിവുകളും ആശയങ്ങളും ലഭിച്ചേക്കാം. തന്റെ പുതിയ ഗവേഷണത്തിൽ ഈ കടപ്പാടുകൾ നന്ദിയോടെ രേഖപ്പെടുത്തി ഗവേഷണത്തിന്റെ സത്യസന്ധത കാത്തുസൂക്ഷിക്കേണ്ടത് ഗവേഷകരുടെ ഉത്തരവാദിത്തമാണ്.

**5.5.2** ആശയം സ്വീകരിച്ചതോ സംഗ്രഹിച്ചതോ പരാവർത്തനം ചെയ്തതോ ഉദ്ധരണിയായി നൽകിയതോ ആയ ഏതിന്റെയും ഉറവിടം സൂചനകളിൽ/ കുറിപ്പുകളിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം പ്ലേജറിസം അഥവാ സാഹിതീയവും ബൗദ്ധികവുമായ മോഷണമായി അത് മുദ്രകുത്തപ്പെടും. ഗവേഷണം മോഷണമെന്ന നിലയിൽ പുറത്തറിയുന്നതിന് അത് ഇടവരുത്തും. മുൻഗവേഷകർക്ക് അവരുടെ അധ്വാനത്തിന്റെ വില നൽകുന്നത് ബൗദ്ധികമായ അംഗീകാരം നൽകുക കൂടിയാണ്.

5.5.3 ഓരോ പുറത്തിന്റെയും അടിയിലോ അധ്യായാവസാനത്തിലോ **സൂചനകളും കുറിപ്പുകളും**(notes& references) നൽകാം. അതതു പുറത്തിൽ കൊടുക്കുന്നത് അടിക്കുറിപ്പുകളും(footnotes) അധ്യായാവസാനത്തിലാണെങ്കിൽ കുറിപ്പുകളും(endnotes) ആണ്.

**5.5.4** എല്ലാ അധ്യായത്തിലെയും കുറിപ്പുകൾ ഒരുമിച്ച് അധ്യായാവസാനം കൊടുക്കുന്നത് അഭിലഷണീയമല്ല. കുറിപ്പുകൾ അധ്യായത്തിന്റെ തുടർച്ചയായി നൽകേണ്ടതാണ്.

5.5.5 വിശകലനം ചെയ്യുന്ന പാഠങ്ങൾ സംഗ്രഹിക്കുക മാത്രം ചെയ്യുന്നത് ഗവേഷണത്തിന് ചേർന്നതല്ല.

5.5.6 പ്രഥമാകരസാമഗ്രികളുടെ ഉചിതമായ വ്യാഖ്യാനത്തിനു വേണ്ടി കൃത്യമായ ഉദാഹരണങ്ങളും റഫറൻസുകളും ഉദ്ധരണികളും നൽകേണ്ടതുണ്ട്.

**5.5.7** ഉന്നയിക്കുന്ന വാദമുഖങ്ങളെ സഹായിക്കുന്ന റഫറൻസുകളും ഉദ്ധരണികളുമാണ് ദ്വിതീയാകരസാമഗ്രികളിൽ നിന്ന് ഉപയോഗിക്കേണ്ടത്.

**5.5.8** വികസിപ്പിച്ചെടുത്ത ആശയത്തിന് കടകവിരുദ്ധമായ ഉദ്ധരണികൾ ഉപയോഗിക്കരുത്.

**5.5.9** ഉപയോഗിക്കുന്ന ആകരസാമഗ്രികളും വിവരങ്ങളും കൃത്യതയുള്ളതാണെന്ന് ഉറപ്പുവരുത്തുക.

**5.5.10** കുറിപ്പുകൾ കൂടുതൽ വിശദാംശങ്ങൾ നൽകാനുള്ള ഇടം കൂടിയാണ്. പ്രബന്ധത്തിനുള്ളിൽ നൽകാനിടമില്ലാത്ത ജീവചരിത്രപരാമർശങ്ങൾ, മറ്റു പുസ്തകങ്ങളുടെ വിവരങ്ങൾ, ഉപയോഗിച്ച പരിഭാഷയുടെ മൂലഗ്രന്ഥഭാഗം തുടങ്ങിയവയെല്ലാം കുറിപ്പുകളിൽ നല്കാം.

**5.5.11** ഗ്രന്ഥസൂചിയിൽ പുസ്തകത്തിന്റെ വിശദാംശങ്ങൾ നൽകുന്നതിനാൽ എഴുത്തുകാരുടെ പേരും പുസ്തകം പ്രസിദ്ധീകരിച്ച വർഷവും പേജ് നമ്പരും ഉദ്ധരണിയുടെ സൂചികയെന്ന നിലയിൽ കുറിപ്പുകളിൽ നൽകിയാൽ മതിയാകും.

**5.5.12** മൂന്നുവരിയിൽ കൂടുതലുള്ള ഉദ്ധരണികൾ 1 സെ. മീ. ഇടതുവശത്തു ഇടമിട്ട് 10 സൈസ് ഫോണ്ടിൽ 1.0 സ്പെയ്സിൽ വേണം നൽകേണ്ടത്.

**5.5.13** മറ്റു പുസ്തകങ്ങളിൽ ഉപയോഗിച്ച ഉദ്ധരണികൾ ഉപയോഗിക്കുന്നുവെങ്കിൽ അത് വ്യക്തമായി രേഖപ്പെടുത്തണം.

**5.5.14** കവിതാഭാഗങ്ങളാണ് ഉദ്ധരിക്കുന്നതെങ്കിൽ വരികൾ വ്യക്തമായി രേഖപ്പെടുത്തണം(ഉദാ. 6-10). വരികളുടെ പദച്ഛേദം, പാദച്ഛേദം എന്നിവ കൃത്യമായി അടയാളപ്പെടുത്തണം.

**ഉദാ. പാദച്ഛേദം**

തെറ്റ്: രണ്ടു നാഴികയായി പശ്ചിമജലാ-
ശയക്കുണ്ടിലേക്കിറങ്ങിയിട്ടാകാശ പാന്ഥൻ സൂര്യൻ

ശരി: രണ്ടു നാഴികയായി പശ്ചിമജലാശയ-
കുണ്ടിലേക്കിറങ്ങിയിട്ടാകാശ പാന്ഥൻ സൂര്യൻ

**ഉദാ. പദച്ഛേദം**

തെറ്റ്:
1. തത്തേ വരി കരി കത്തിരി
2. ശൂലംക പാലംക ടുന്തുടി
3. വൈദ്യുതിത്തകരാർ കാരണം ഷോന
   ടക്കാതെ വന്നാൽ മാനേജർ ഉത്തരവാദിയല്ല

ശരി:
1. തത്തേ, വരികരികത്തിരി
2. ശൂലം കപാലം കടുന്തുടി
3. വൈദ്യുതിത്തകരാർ കാരണം
   ഷോ നടക്കാതെ വന്നാൽ മാനേജർ ഉത്തരവാദിയല്ല.

**5.5.15** നാടകം, തിരക്കഥ എന്നിവയിൽ നിന്നുള്ള ഉദ്ധരണികളോടൊപ്പം രംഗം, സീൻ തുടങ്ങിയ വിശദാംശങ്ങൾ കൂടി നൽകണം.

**5.5.16** ഉദ്ധരണിയിൽ ഇടയ്ക്ക് കുറെ ഭാഗം വിട്ടുകളയുന്നുണ്ടെങ്കിൽ ... എന്നിങ്ങനെ മൂന്ന് കുത്ത്(ബിന്ദു) ഇട്ട് സൂചിപ്പിക്കേണ്ടതാണ്.

**5.5.17** ഗവേഷണത്തിൽ ഒഴിവാക്കാനാകാത്തത് എന്നു തോന്നുന്ന ഒരു പദമാണെങ്കിൽ പോലും ഉദ്ധരിക്കാവുന്നതാണ്. ഉദ്ധരണിചിഹ്നത്തിൽ എഴുതുന്ന ആ പദത്തിന്റെ ഉറവിടം കുറിപ്പുകളിൽ/പ്രബന്ധത്തിനുള്ളിൽ രേഖപ്പെടുത്തേണ്ടതാണ്. ഒരു ഖണ്ഡികയിലെ ആശയങ്ങൾ ഒരു വരിയിലേക്ക് ചുരുക്കി ഉപയോഗിക്കുമ്പോഴും നാലോ അഞ്ചോ പുറങ്ങളിലെ ആശയങ്ങൾ ഒരു ഖണ്ഡികയാക്കി സംഗ്രഹിക്കുമ്പോഴും കുറിപ്പുകളിൽ കൃത്യമായ വിവരങ്ങൾ നൽകേണ്ടതാണ്.

**5.5.18** പ്രബന്ധശരീരത്തിനുള്ളിൽ ബ്രാക്കറ്റിലല്ലാതെ ഇംഗ്ലീഷ്ഭാഷയിൽ പദങ്ങൾ ഉപയോഗിക്കാൻ പാടില്ല.

**5.6 ഗ്രന്ഥസൂചിയും അനുബന്ധവും**

5.6.1 ഗ്രന്ഥസൂചിയും അനുബന്ധവും പ്രബന്ധശരീരത്തിന്റെ ഭാഗമല്ല.

**5.6.2** ഗ്രന്ഥസൂചി പുതിയ പുറത്തിലാണ് നൽകേണ്ടത്.

5.6.3 പ്രബന്ധത്തിലുപയോഗിച്ചതും പ്രബന്ധരചനയിൽ സഹായകമായതുമായ എല്ലാ പഠനങ്ങളും സൂചനകളും അനുബന്ധത്തിലും ഗ്രന്ഥസൂചിയിലുമായി രേഖപ്പെടുത്തേണ്ടതാണ്.

5.6.4 അഭിമുഖങ്ങൾ, ചിത്രങ്ങൾ, ആവേദകസൂചി, പ്രബന്ധത്തെ സഹായിക്കുന്ന മറ്റ് വസ്തുതകൾ തുടങ്ങിയവ അനുബന്ധത്തിലുൾപ്പെടുത്താം.

5.6.5 പ്രബന്ധശരീരത്തിലുപയോഗിച്ച ഫോണ്ട് സൈസ്, മാർജിൻ, സ്പെയിസ് തുടങ്ങിയവ ഗ്രന്ഥസൂചിയിലും അനുബന്ധത്തിലും തുടരണം.

5.6.6 ഗ്രന്ഥസൂചിയിൽ മലയാളം പുസ്തകങ്ങൾ, ഇംഗ്ലീഷ് പുസ്തകങ്ങൾ, ആനുകാലികങ്ങൾ, പിഎച്. ഡി. എം. ഫിൽ. എം. എ പ്രബന്ധങ്ങളും പ്രൊജക്ടുകളും, വെബ്സൈറ്റുകൾ, സി.ഡികൾ, യു ട്യൂബ്, ടെലിവിഷൻ പരിപാടികൾ എന്ന ക്രമത്തിൽ രേഖപ്പെടുത്താവുന്നതാണ്.

5.6.7 എഴുത്തുകാരുടെ പേരിന്റെ അക്ഷരമാലാക്രമത്തിലാണ് ഗ്രന്ഥസൂചി തയ്യാറാക്കേണ്ടത്.

5.6.8 പുസ്തകവിവരണത്തിൽ ഒന്നിലധികം വരികളുണ്ടെങ്കിൽ ഇൻഡൻഡ് ചെയ്തുവേണം ഗ്രന്ഥസൂചി തയ്യാറാക്കേണ്ടത്. എഴുത്തുകാരുടെ പേരുകൾക്ക് ശ്രദ്ധ ലഭിക്കുന്ന രീതിയാണിത്.

ഉദാ:

അച്യുതനുണ്ണി ചാത്തനാത്ത്, *സാഹിത്യഗവേഷണം: പ്രബന്ധരചനയുടെ തത്വങ്ങൾ*,

വള്ളത്തോൾ വിദ്യാപീഠം, എടപ്പാൾ, 1998.

5.6.9 രചയിതാവിന്റെ പേര് അറിവില്ലാത്ത അവസരത്തിൽ പുസ്തകത്തിന്റെ പേരിൽ തുടങ്ങാവുന്നതാണ്.

ഉദാ: *ബൈബിൾ*, ഓശാന പബ്ലിക്കേഷൻ, കോട്ടയം, 1990.

5.6.10 വർഷം അറിവില്ലാത്ത സാഹചര്യത്തിൽ വർഷം ഒഴിവാക്കി ഗ്രന്ഥവിവരങ്ങൾ നൽകേണ്ടതാണ്.

5.6.11 രണ്ടോ അതിലധികമോ പുസ്തകങ്ങൾ ഒരാളുടേത് തന്നെ രേഖപ്പെടുത്തുന്നുണ്ടെങ്കിൽ എഴുത്തുകാരുടെ പേരിന്റെ ഇടത്തിൽ സ്ഥലം വിടുകയും ബാക്കിവിവരങ്ങൾ മുറ പോലെ രേഖപ്പെടുത്തുകയും വേണം.

ഉദാ:

വിജയൻ ഒ. വി., *ഖസാക്കിന്റെ ഇതിഹാസം*, ഡി.സി ബുക്സ്, കോട്ടയം, 1978.

*ഗുരുസാഗരം*, ഡി.സി ബുക്സ്, കോട്ടയം, 1988.

*ധർമ്മപുരാണം*, ഡി.സി ബുക്സ്, കോട്ടയം, 1998.

5.6.12 ഗ്രന്ഥസൂചിയിൽ പുസ്തകത്തിന്റെ പൂർണ്ണമായ വിവരം നൽകേണ്ടതാണ്. പുസ്തകത്തിന്റെ പേര് വലത്തേക്ക് ചെരിച്ചാ(*italics*)ണ് എഴുതേണ്ടത്.

5.6.13 പ്രബന്ധത്തിൽ ഉപയോഗിച്ച കൃതിയുടെ പ്രസിദ്ധീകരണവർഷമാണ് ഗ്രന്ഥസൂചിയിൽ നൽകേണ്ടത്. ആദ്യപ്രസിദ്ധീകരണവർഷം ലഭ്യമാണെങ്കിൽ പുസ്തകത്തിന്റെ പേരിനു ശേഷം ബ്രാക്കറ്റിൽ നൽകുന്നത് നന്ന്.

| | |
|---|---|
| ഒരാൾ എഴുതിയ പുസ്തകം | എഴുത്തുകാരുടെ പേര്, *പുസ്തകത്തിന്റെ പേര്*, പ്രസാധകർ, സ്ഥലം, പ്രസിദ്ധീകരണ വർഷം. |
| ഒരാളുടെ ഒന്നിലധികം പുസ്തകങ്ങൾ | എഴുത്തുകാരുടെ പേര്, *പുസ്തകത്തിന്റെ പേര്* അക്ഷരമാലാക്രമത്തിൽ, പ്രസാധകർ, സ്ഥലം, പ്രസിദ്ധീകരണവർഷം. |
| ഒന്നിലധികം ആളുകൾ എഴുതിയ പുസ്തകം | എഴുത്തുകാരുടെ പേരുകൾ തുടർച്ചയായി, *പുസ്തകത്തിന്റെ പേര്,* പ്രസാധകർ, സ്ഥലം, പ്രസിദ്ധീകരണവർഷം. |
| എഡിറ്റ് ചെയ്ത പുസ്തകത്തിൽ നിന്നുള്ള ലേഖനം | ലേഖനകർത്താവിന്റെ പേര്, "ലേഖനം", *സമാഹാരത്തിന്റെ പേര്*, (എഡി.) എഡിറ്ററിന്റെ പേര്, പ്രസാധകർ, സ്ഥലം, പ്രസിദ്ധീകരണ വർഷം. |
| വിവർത്തനം ചെയ്ത പുസ്തകം | വിവർത്തകരുടെ പേര്, *പുസ്തകത്തിന്റെ പേര്*,(*മൂലകൃതിയുടെ പേര്*, എഴുത്തുകാരുടെ പേര്) പ്രസാധകർ, സ്ഥലം, പ്രസിദ്ധീകരണ വർഷം. |
| ഗവേഷണപ്രബന്ധം | ഗവേഷകരുടെ പേര്, *ഗവേഷണവിഷയം*, സർവ്വകലാശാല, വർഷം. |
| റഫറൻസ് ബുക്കിലെ ലേഖനം | "ലേഖനം",*റഫറൻസ് ബുക്കിന്റെ പേര്*,(ഉദാ. *സർവ്വവിജ്ഞാനകോശം*), വാല്യം, എഡിഷൻ, പ്രസാധകർ, സ്ഥലം, പ്രസിദ്ധീകരണവർഷം. |
| ആമുഖം അവതാരിക, തുടങ്ങിയവ | എഴുത്തുകാരുടെ പേര്, "ലേഖനം" , (ആമുഖം, അവതാരിക,..) *പുസ്തകത്തിന്റെ പേര്,* എഴുത്തുകാരുടെ പേര്, പ്രസാധകർ, പ്രസിദ്ധീകരണവർഷം. |
| ജേണലിലെ ലേഖനം | ലേഖകരുടെ പേര്, "ലേഖനം", *ജേണൽ*,വാല്യം, ഇഷ്യു, പ്രസാധകർ, സ്ഥലം, തീയതി. |
| പത്രങ്ങളിലെ ലേഖനം | ലേഖകരുടെ പേര്, "ലേഖനം", *പത്രം*,എഡിഷൻ, തീയതി. |
| വെബ് പ്രസിദ്ധീകരണങ്ങൾ | ലേഖകർ/അവതാരകർ/സംവിധായകർ/പെർഫോമർ പേര്, "പരിപാടിയുടെ പേര്",*title of the overall website*, Publisher/ sponser, Date of access. |
| ഓൺലൈൻ ഡാററാബേസിൽ നിന്നുള്ള ലേഖനം | ലേഖകരുടെ പേര്, "ലേഖനം", ഓൺലൈൻ മാസികയുടെ പേര്, വാല്യം, ഇഷ്യു, പ്രസിദ്ധീകരണതീയതി, *title of the overall database,* Date of access. |
| സിനിമ | *സിനിമയുടെ പേര്*, സംവിധായകരുടെ പേര്, തിരക്കഥാകൃത്തിന്റെ പേര്(തിരക്കഥ), റിലീസ് ചെയ്ത വർഷം, ഭാഷ, സി.ഡി/ഡി.വി.ഡി ഇറക്കിയ കമ്പനി,സ്ഥലം, സി.ഡി/ഡി.വി.ഡി പുറ |

| | |
|---|---|
| | ത്തിറങ്ങിയ വർഷം. |
| ഗാനം | രചയിതാവിന്റെ പേര് "ഗാനം/ഗാനത്തിന്റെ തുടക്കം" ,(പാടിയത്: പ്രധാന ഗായകരുടെ പേര്), സംഗീതസംവിധായകരുടെ പേര്, *title of the Album/film,etc.*, റിലീസ് ചെയ്ത വർഷം, സി.ഡി/ഡി.വി.ഡി ഇറക്കിയ കമ്പനി, സ്ഥലം, സി.ഡി/ഡി.വി.ഡി പുറത്തിറങ്ങിയ വർഷം. |

6. SRFന് സമർപ്പിക്കേണ്ടത്

**6.1 ഗവേഷണവിഷയത്തിന്റെ രീതിശാസ്ത്രമുൾക്കൊള്ളുന്ന ഒന്നാമധ്യായവും ചെയ്യാനുദ്ദേശിക്കുന്ന മറ്റ് ഭാഗങ്ങളുടെ വിശദീകരണവും**

**7. എം. എ. ബിരുദത്തിന്റെ ഭാഗമായി സമർപ്പിക്കേണ്ട പ്രബന്ധം**

7.1 പ്രബന്ധം കൈയെഴുത്തുപ്രതിയായി സമർപ്പിക്കാവുന്നതാണ്.
7.2 പ്രബന്ധം 40-50 പുറം വരെയാകാം.
7.3 പ്രബന്ധം തയ്യാറാക്കുന്നതിനായി മുൻസൂചിപ്പിച്ച കാര്യങ്ങളെല്ലാം ഉൾക്കൊള്ളേണ്ടതാണ്.

8 **എം. ഫിൽ പ്രബന്ധം**

8.1 100 പുറം വരെയാകാം.

**9. പിഎച് ഡി. പ്രബന്ധം**

9.1 250 പുറത്തിൽ കുറയരുത്.
9.2 ഇരുവശവും ടൈപ്പ് ചെയ്യാം.